**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2193** | **03-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ പോഷകാഹാരക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | (എ) കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br><u>അനുപൂരക പോഷകാഹാര പദ്ധതി</u><br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന അനുപൂരക പോഷകാഹാര പദ്ധതി 50% കേന്ദ്ര വിഹിതവും 50% സംസ്ഥാന വിഹിതവും വിനിയോഗിച്ച് നടപ്പിലാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ടി പദ്ധതി പ്രകാരം 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു ദിവസം 8/- രൂപയും ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾക്ക് 12/- രൂപയും, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 9.50/- രൂപയും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിനും അങ്കണവാടികളിലൂടെ നൽകിവരുന്ന അനുപൂരക പോഷകാഹാര പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>6 മാസം മുതൽ 3വയസ്സ് വരെയുള്ള കുട്ടികൾ</u><br><br>6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക കുടുംബശ്രീയുടെ സ്വയം സഹായ സംഘങ്ങൾ നിർമ്മിക്കുന്ന അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. ഒരു ഗുണഭോക്താവിന് ഒരു ദിവസം 135 gm ന്യൂട്രിമിക്സ് എന്ന അളവിൽ ഒരു മാസം 25 ന്യൂട്രീഷണൽ ദിവസത്തേയ്ക്ക് (3.375Kg) അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 500 കലോറി ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു. 2019 മെയ് മാസം മുതൽ സംസ്ഥാനത്തൊട്ടാകെ 11 മൈക്രോന്യൂട്രിയന്റ്സ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്ത ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു വരുന്നു. |

അങ്കണവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭിച്ച് വരുന്നു.

3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ

3വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് അങ്കണവാടികളിലൂടെ പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, ജനറൽ ഫീഡിങ് എന്നിവ നൽകി വരുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ന്യൂട്രീഷണൽ സ്റ്റാൻഡേർഡ്സ് ഉറപ്പാക്കി ഓരോ പഞ്ചായത്തും തദ്ദേശീയ താല്പര്യങ്ങളുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യവസ്തുക്കൾ നൽകി വരുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 500 കലോറി ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു. അങ്കണവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുന്നതാണ്.

പോഷകബാല്യം പദ്ധതി

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിരവികസന ലക്ഷ്യമായ "സീറോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും ആഴ്ചയിൽ 2 ദിവസം പാലും നൽകുന്ന പോഷകബാല്യം എന്ന പദ്ധതി 2022 ഓഗസ്റ്റ് മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം ആഴ്ചയിൽ 3 ദിവസം മുട്ടയും ആഴ്ചയിൽ 3 ദിവസം പാലും എന്ന രീതിയിൽ പദ്ധതി വിപുലപ്പെടുത്തുന്നതിനായി 80 കോടി രൂപ ബഡ്ജറ്റിൽ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

മികച്ച പോഷണത്തിന് ശ്രദ്ധിക്കേണ്ട അഞ്ചു പ്രവർത്തനങ്ങളായ ആദ്യത്തെ ആയിരം ദിവസങ്ങളുടെ പ്രാധാന്യം, പോഷകാഹാരം, വിളർച്ച തടയൽ, വയറിളക്ക നിയന്ത്രണം, ശുചിത്വവും, ശുചിത്വ ശീലങ്ങളും എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ചർച്ചകളും പ്രദർശനങ്ങളും സെമിനാറുകളും സംസ്ഥാനവ്യാപകമായി നടത്തിവരുന്നു. എല്ലാ മാസവും 33120 അങ്കണവാടികളിൽ സാമൂഹികാധിഷ്ഠിത പരിപാടികൾ (CBE) നടത്തി വരുന്നു. എല്ലാ വർഷവും സെപ്റ്റംബർ മാസത്തിൽ ഒരു മാസം നീണ്ടു നിൽക്കുന്ന പോഷണ മാസാചരണം - പോഷൻ മാ എന്ന പേരിൽ

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്നു. കൂടാതെ എല്ലാ വർഷവും മാർച്ച് മാസത്തിൽ രണ്ടാഴ്ച നീണ്ടു നിൽക്കുന്ന പോഷൻ പക്വാടയിലൂടെ ജനങ്ങളിൽ പോഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവത്കരണം നടത്തുന്നു.<br><br>**<u>ആദ്യ 1000 ദിന പരിപാടി</u>**<br><br>ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചും അമ്മയുടെ പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന പരിപാടി. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 ലാണ് പദ്ധതി അട്ടപ്പാടിയിൽ ആരംഭിച്ചത്. 2018-19 സാമ്പത്തിക വർഷം മുതൽ എസ്.സി/എസ്.റ്റി ജനസംഖ്യ, മത്സ്യത്തൊഴിലാളി ജനസംഖ്യ, തൂക്കക്കുറവുള്ള കുട്ടികളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ കണക്കിലെടുത്ത് 10 ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ കൂടി വ്യാപിപ്പിച്ച പദ്ധതി നിലവിൽ സംസ്ഥാനത്താകെ 57 പ്രോജക്ടുകളിൽ നടപ്പിലാക്കുന്നുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ മാസവും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് (3 Kg/month) വിതരണം നടത്തിവരുന്നു.<br><br>പദ്ധതിയുടെ ഭാഗമായി അങ്കണവാടി പ്രവർത്തകരും ICDS supervisor, CDPO തുടങ്ങിയ ഉദ്യോഗസ്ഥരും നിശ്ചിത ഇടവേളകളിൽ ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ബി) | അങ്കണവാടികളിലെ ശിശുക്കൾക്ക് പോഷകാഹാരക്കുറവ് കണ്ടെത്തുന്നതിന് വ്യക്തിഗതമായി സ്ക്രീനിംഗ് ടെസ്റ്റുകൾ നടത്തി ആയത് പരിഹരിക്കുന്നതിനായി പ്രത്യേകമായ ഭക്ഷണക്രമം ഏർപ്പെടുത്തുവാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | (ബി) അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ പൊക്കം, തൂക്കം ഇവ കണക്കാക്കി പൊക്കത്തിനനുസരിച്ചുള്ള തൂക്കം ഇല്ലാത്ത കുട്ടികൾ (SAM-Severe Acute Malnutrition), പ്രായത്തിനനുസരിച്ച് തൂക്കം ഇല്ലാത്ത കുട്ടികൾ (MAM – Moderate Acute Malnutrition) എന്നിവരെ കണ്ടത്തി SAM വിഭാഗത്തിൽ വരുന്ന കുട്ടികൾക്ക് ഇരട്ടി റേഷൻ അനുവദിച്ചു വരുന്നുണ്ട്. കൂടാതെ രക്ഷിതാക്കൾക്ക് കുട്ടികളുടെ ഭക്ഷണക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ആരോഗ്യ പോഷണ വിദ്യാഭ്യാസവും നല്കുന്നു. അങ്കണവാടിയിലൂടെ നൽകി വരുന്ന സേവനങ്ങളിൽ ഒന്നാണ് referral service. |

| | | | |
|---|---|---|---|
| | | | ആവശ്യമെങ്കിൽ ഇത്തരം കുട്ടികളെ അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് refer ചെയ്തു വരുന്നു. |
| (സി) | അങ്കണവാടി മുതൽ എൽ.പി. സ്കൂൾ തലം വരെ പ്രസ്തുത സ്ക്രീനിംഗ് നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | (സി) അങ്കണവാടി പ്രദേശത്തെ 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ വളർച്ച നിരീക്ഷണം, പോഷൻ ട്രാക്കർ ആപ്ലിക്കേഷൻ വഴി നടത്തി വളർച്ച മുരടിപ്പ്, വളർച്ച ശോഷണമുള്ള കുട്ടികളെ കണ്ടെത്തുകയും വളർച്ച നിരീക്ഷണവും രക്ഷിതാക്കൾക്ക് ആരോഗ്യ പോഷണ വിദ്യാഭ്യാസവും വിദഗ്ധ സേവനം ആവശ്യമുള്ള പക്ഷം അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് റഫർ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ